# കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്ന ബാങ്കിതര സംവിധാനങ്ങൾക്ക് പിന്തുണ - ധനമന്ത്രി

**കൊച്ചി:** കുറഞ്ഞ പലിശനിരക്കിൽ പ്രവർത്തിക്കുന്ന ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ എല്ലാവിധ പിന്തുണയും നൽകുമെന്ന് ധനമന്ത്രി കെ.എം. മാണി പറഞ്ഞു. കേരള നോൺ ബാങ്കിങ് ഫിനാൻസ് കമ്പനികളുടെ (കെ.എൻ.ബി.എഫ്.സി.) വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നില്ല. ഈ വിടവ് നികത്തുന്നത് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളാണ്. ഇത്തരം സ്ഥാപനങ്ങൾ സമൂഹത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. എന്നാൽ, അമിത പലിശ ഈടാക്കി ചിലർ ജനങ്ങളെ ദ്രോഹിക്കുന്നുണ്ട്. നിക്ഷേപകർക്ക് സുരക്ഷ നൽകാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നു. ഇത്തരം പ്രതിസന്ധികൾ നേരിടാൻ നിയമ ഭേദഗതി വരുത്തിയിട്ടുണ്ടെന്നും കെ.എം. മാണി പറഞ്ഞു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ അനിൽ കെ. ശർമ, കെ.പി.എം.ജി. റിസ്ക് കൺസൽട്ടിങ് ഡയറക്ടർ ശ്രീധർ പ്രസാദ്, കെ.എൻ.ബി.എഫ്.സി. ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ്, വൈസ് ചെയർമാൻ കുര്യൻ സി. ജോർജ് തുടങ്ങിയവർ പങ്കെടുത്തു.